# കേരള കാർഷിക സർവ്വകലാശാല

<u>നടപടിക്രമം</u>

കെ.എ.യു - ഡി.പി.പി – പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പിയിലെ ട്രെയിനീസ് ഹോസ്റ്റലിന്റെ വാടകനിരക്ക് പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

**ഫിസിക്കൽ പ്ലാന്റ് ഡയറക്ടറേറ്റ്**

ഫയൽ നം. എ2/3594/2022 വെള്ളാനിക്കര, തീയതി. 05/07/2023

പരാമർശം : 1. 31/01/2023 തീയതിയിലെ സർവ്വകലാശാല കത്ത് നമ്പർ ജിഎ/ഇ1/571/2023(i)
2. 18/05/2023 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.
3. 19/06/2023 തീയതിയിലെ സർവ്വകലാശാല കത്ത് നമ്പർ ജിഎ/ഇ1/571/2023.

<u>**ഉത്തരവ്**</u>

പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ ട്രെയിനീസ് ഹോസ്റ്റലിലെ വാടക നിരക്ക് വൈദ്യുതി, വെള്ളം, താമസ സൗകര്യം എന്നിവയുടെ കാലാനുസൃത നിരക്ക് വർധനയ്ക്ക് അനുയോജ്യമായ രീതിയിൽ പുതുക്കി നിശ്ചയിക്കേണ്ടതാണെന്ന് പ്രസ്തുത സ്ഥാപനത്തിലെ 2019-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ വാടക നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച അഭിപ്രായം ലഭ്യമാക്കാൻ പരാമർശം (1) പ്രകാരം രജിസ്ട്രാർ അറിയിച്ചിരുന്നു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, മണ്ണുത്തി സ്ഥലം പരിശോധിച്ച് പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് ഗൈഡ് ലൈൻ അനുസരിച്ച് പ്രസ്തുത കെട്ടിടത്തിന്റെ വാടക കണക്കാക്കിയ സ്റ്റേറ്റ്മെന്റ് ഈ ഓഫീസിൽ ലഭ്യമാക്കിയതിൻ പ്രകാരമുള്ള പുതുക്കിയ വാടക സംബന്ധിച്ച വിവരങ്ങൾ പരാമർശം (2) പ്രകാരം രജിസ്ട്രാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സർവ്വകലാശാലയിലെ കെട്ടിടങ്ങൾക്ക് വാടക നിശ്ചയിക്കുന്നതിനുള്ള അധികാരം ഡി.പി.പിയിൽ നിക്ഷിപ്തമായതിനാൽ വാടക പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് ഡി.പി.പിയിൽ നിന്നും പുറപ്പെടുവിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ ട്രെയിനീസ് ഹോസ്റ്റൽ വാടക നിരക്ക് താഴെ പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | മുറികൾ | പുതുക്കിയ പ്രതിദിന നിരക്ക് (രൂപ മാത്രം) |
|---|---|---|
| 1 | Ordinary Non A/c Room | 180/- |
| 2 | Toilet Attached Non A/c Room | 250/- |

ഈ ഉത്തരവ് തീയതി മുതൽ പുതുക്കിയ വാടക നിരക്ക് പ്രാബല്യത്തിൽ വരുന്നതാണ്.

സുരേഷ് ബാബു ടി. എൻ
ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ് (i/c)

സ്വീകർത്താവ് : 1) അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, റീജിണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ, പട്ടാമ്പി
2) രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര
3) കേരള കാർഷിക സർവ്വകലാശാല വെബ്സൈറ്റ്

പകർപ്പ് : പി.എസ് ടു വി.സി/ പി.എ ടു രജിസ്ട്രാർ/ പി.എ ടു കംപ്ട്രോളർ/ പബ്ലിക്ക് റിലേഷൻസ് ഓഫീസർ / സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

//ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്//

സെക്ഷൻ ഓഫീസർ

N.N.05.07.2023